


**പുതിയ വീഞ്ഞ് പഴയ തുരുത്തിലേക്കോ ?**

മത്തായി 9:16,17 **പുതിയ വസ്ത്രം** ആരും പഴയ വസ്ത്രത്തിൽ ചേർത്തു തുന്നുമാറില്ല, തുന്നിച്ചേർത്താൽ അതു കൊണ്ടു **വസ്ത്രം കീറും. ചീന്തൽ ഏറ്റവും വല്ലാതെയായി തീരും.**

**പുതിയ വീഞ്ഞു** പഴയ തുരുത്തിയിൽ പകരുമാറുമില്ല. പകർന്നാൽ **തുരുത്തി പൊളിഞ്ഞു വീഞ്ഞു ഒഴുകിപ്പോകും, തുരുത്തിയും നശിച്ചുപോകും.**

നാം വഴിനടക്കുമ്പോൾ ഒരു വ്യക്തി ഒരു മാന്യമായി പഴയ വസ്ത്രവും ധരിച്ചു നടന്നു വരുന്നത് കണ്ടാൽ നമുക്ക് പ്രത്യേകിച്ച് ഒരു തെറ്റും തോന്നുകയില്ല,

എന്നാൽ ഒരാൾ പലയിടത്തായി കീറിയ പഴയ വസ്ത്രം ധരിക്കുകയും, ആ കീറലിനെ മറക്കുവാൻ **പുതിയ തുണി**അവിടെയൊക്കെ കൂട്ടി തുന്നുകയും ചെയ്താൽ, പുതിയ തുണി കൂട്ടിതുന്നിയത് കാരണം കീറൽ ഏറ്റവും വലുതായിത്തീരുകയും, ആ വസ്ത്രം ധരിക്കുന്നതിലൂടെ അയാൾ പരിഹാസ്യൻ ആയിത്തീരുകയും ചെയ്യും.

അത് പോലെ തന്നെ പഴയ തുരുത്തിയിൽ പഴയ വീഞ്ഞ് ശേഖരിച്ചു വയ്ക്കുന്നത് സ്വാഭാവികമാണ് , കാരണം പഴയ തുരുത്തിക്ക് പഴയ വീഞ്ഞിനെ മാത്രമേ വഹിക്കുവാൻ കഴിയുള്ളൂ.എന്നാൽ പഴയ തുരുത്തിയിലേക്ക് പുതിയ വീഞ്ഞ് പകരാൻ ശ്രമിച്ചാൽ ,കർത്താവ് പറഞ്ഞത് പോലെ തുരുത്തി പൊളിയുകയും വീഞ്ഞ് ഒഴുകിപ്പോകുകയും ചെയ്യും.

ചുരുക്കത്തിൽ ഇത് രണ്ടും ചെയ്യുന്ന വ്യക്തികൾ തങ്ങളുടെ സമയവും, ശക്തിയും പഴാക്കുന്നവരാണ്, മാത്രമല്ല ഒടുവിൽ അവർ പരിഹാസ്യർ ആകുകയും ചെയ്യും.

ഇതിനോട് സമമായ ഒരു മുന്നറിയിപ്പ് കൂടി കർത്താവ് പറഞ്ഞിട്ടുണ്ട്.

മത്തായി 7:6 **വിശുദ്ധമായതു** നായ്ക്കൾക്കു കൊടുക്കരുതു, നിങ്ങളുടെ **മുത്തുകളെ** പന്നികളുടെ മുമ്പിൽ ഇടുകയുമരുതു. അവ കാൽകൊണ്ടു അവയെ **ചവിട്ടുകയും** തിരിഞ്ഞു നിങ്ങളെ **ചീന്തിക്കളകയും** ചെയ്‍വാൻ ഇടവരരുതു.

ഇവിടെ പന്നികൾ, നായകൾ എന്ന് കർത്താവ് ഉദ്ദേശിക്കുന്നത് ആരെയാണ് എന്ന് പത്രോസ് വിശദീകരിക്കുന്നു.

1 പത്രോസ് 2:20-23 **കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ** അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ അധികം വഷളായിപ്പോയി.

തങ്ങൾക്കു ഏല്പിച്ചുകിട്ടിയ **വിശുദ്ധകല്പനയെ നീതിയുടെ വഴി** അറിഞ്ഞശേഷം വിട്ടുകളയുന്നതിനെക്കാൾ അതു അറിയാതിരിക്കുന്നതു അവർക്കും നന്നായിരുന്നു.

എന്നാൽ **സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും** ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കും സംഭവിച്ചു

**അതെ, ഈ വിശുദ്ധ വഴിയുടെ സന്ദേശം ഒരിക്കൽ കേൾക്കുകയും അതിനാൽ ലോകത്തിന്റെ മാലിന്യം വിടുകയും, എന്നാൽ പിന്നീടു വീണ്ടും ലോകത്തിന്റെ മാലിന്യത്തിലേക്ക് തിരിച്ചു പോവുകയും ചെയ്യുന്ന പിന്മാറ്റക്കാരെയാണ് പന്നികൾ, നായകൾ എന്ന് കർത്താവ് ഉദ്ദേശിക്കുന്നത്**

അത് പോലെ തന്നെ നാം മനസ്സിലാക്കേണ്ട കാര്യം, കർത്താവ് **പുതിയ വസ്ത്രം , പുതിയ വീഞ്ഞ് , വിശുദ്ധമായത്, മുത്ത്** എന്നൊക്കെയുള്ള സദൃശ്യങ്ങളിൽ കൂടി പറയുന്നത് **തന്റെ രക്തത്താൽ താൻ സ്ഥാപിച്ച പുതിയ ഉടമ്പടിയുടെ സന്ദേശമാണ്.**

ആ സന്ദേശം യേശുക്രിസ്തു, എന്റെ പാപങ്ങൾക്ക് വേണ്ടി മരിച്ചു എന്നത് മാത്രമല്ല, മറിച്ചു, പാപിയായ ഞാൻ, എന്റെ പഴയ മനുഷ്യൻ യേശുക്രിസ്തുവിനോട് കൂടി ക്രൂശിക്കപ്പെട്ടു എന്നും, അതിനാൽ ഞാൻ പാപത്തിൽ നിന്ന് സ്വതന്ത്രൻ ആയി എന്നും, ഇനി ഞാനല്ല യേശുക്രിസ്തു എന്നിൽ ആത്മാവിനാൽ ജീവിക്കുന്നു എന്നുമുള്ള സന്ദേശമാണ്

കൂടാതെ ഞാൻ എന്റെ ജഡത്തെ പരിശുദ്ധാത്മ ശക്തിയാൽ ക്രൂശിക്കുകയും, ഓരോ ദിവസവും ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുകയും വഴി ക്രിസ്തുവിന്റെ ജീവനെ ദിനവും വെളിപ്പെടുത്തുന്ന ജീവിതം ഈ ഭൂമിയിൽ സാധ്യമാണ് എന്നുമുള്ള സന്ദേശമാണ്.

ഈ ജീവന്റെ പുതുവഴിയാണ് യേശുക്രിസ്തു തന്റെ രക്തത്താൽ, പുതിയ ഉടമ്പടിയിൽ കൂടി സാധ്യമാക്കിയത്.

**എന്നാൽ ഈ പുതിയ ഉടമ്പടിയുടെ സന്ദേശം; പുതിയ വീഞ്ഞ് വഹിക്കുവാൻ, പുതിയ തുരുത്തിയാകുന്ന പുതിയ നിയമ സഭക്കേ കഴിയുകയുള്ളൂ.**

യേശുക്രിസ്തുവിന്റെ ജീവൻ ഉള്ളിൽ വഹിക്കുന്ന, യേശുക്രിസ്തു എന്ന തലയാൽ നിയന്ത്രിക്കപ്പെടുന്ന, യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയാണ് ആ പുതിയ തുരുത്തി.അവരാണ് തങ്ങളുടെ ജീവിതത്തിലൂടെയും, പ്രവർത്തിയിലൂടെയും ഈ സന്ദേശം വഹിക്കുകയും കൈമാറുകയും ചെയ്യുന്നത്.

അതിനാലാണ് ദൈവസഭയെ സത്യത്തിന്റെ തൂണും അടിസ്ഥാനവും എന്ന് വിളിക്കുന്നത്, ആ സത്യം പുതിയ ഉടമ്പടിയുടെ സന്ദേശമാണ് അത്.**ദൈവം ജഡത്തിൽ വെളിപ്പെടുന്ന, യേശുക്രിസ്തു നമ്മിൽ വെളിപ്പെടുന്ന ദൈവഭക്തിയുടെ മർമ്മമാണ്. ( 1 തിമോത്തിയോസ് 3:16)**

**<u>ക്രിസ്തീയ സമൂഹത്തിൽ രണ്ടു തരം തുരുത്തികൾ ആണ് ഉള്ളത്</u>**,

ഒന്ന്; ഈ ലോകത്തിൽ പണം, പ്രശസ്തി, ആരോഗ്യം, സുഖലോലുപത എന്നിവയും , അത്തോടൊപ്പം സ്വർഗ്ഗവും വാഗ്ദാനം ചെയ്യുന്ന പഴയ വീഞ്ഞിന്റെ സന്ദേശം വഹിക്കുന്ന വ്യക്തികളുടെ കൂട്ടമായ പഴയ തുരുത്തികൾ.

പാപത്തോടും, പിശാചിനോടും, ലോകത്തോടും, ജഡത്തോടും ഒത്തുതീർപ്പിൽ എത്തിയ ജഡീകരുടെ കൂട്ടം. ജഡീകരായ, ഒത്തുതീർപ്പുകാരായ, സ്ഥാനമോഹികളായ, അധികാരമോഹികളായ നേതാക്കളാൽ നിയന്ത്രിക്കപ്പെടുന്ന മാനുഷിക സംഘടനകൾ, ഈ ഒത്തുതീർപ്പുകാരുടെ കൂട്ടം, ഒത്തുതീർപ്പ് 'സഭകളെ' ഉളവാക്കുന്നു.

ആ 'സഭകൾ' പാപത്തോടുള്ള ഒത്തുതീർപ്പിന്റെ സന്ദേശം വഹിക്കുകയും, ജീവിതത്തിൽ കൂടി അത് വെളിപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു.അവർ അവരെപ്പോലെ തന്നെയുള്ള ഒത്തുതീർപ്പ് സഭകളെ, പഴയ തുരുത്തികളെ വീണ്ടും നിർമ്മിക്കുന്നു, അവരും ഈ ഒത്തുതീർപ്പിന്റെ സന്ദേശം പ്രചരിപ്പിക്കുന്നു.

രണ്ടാമത്തേത്; പുതിയ ഉടമ്പടിയുടെ സന്ദേശമായ ദൈവഭക്തിയുടെ മർമ്മം, ജീവിതത്തിലും, സന്ദേശത്തിലും വഹിക്കുന്ന സഭകൾ ആണ്.

അവർ ലോകത്തിൽ നിന്നും വിളിച്ചു വേർതിരിക്കപ്പെട്ടവരും, ലോകത്തോട് അനുരൂപരാകാത്തവരുമാണ്,പാപത്തോട് പ്രാണത്യാഗത്തോളം ദൈവശക്തിയിൽ ആശ്രയിച്ചു പോരാടുന്നവർ ആണ്, പിശാചിനോട് എതിർത്ത് നിൽക്കുന്നവർ ആണ്, ജഡത്തെ പരിശുദ്ധാത്മ ശക്തിയാൽ ക്രൂശിക്കുന്നവരാണ്, ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുദിനം അനുരൂപർ ആകുന്നവരാണ്.

**അവർ പുതിയ വീഞ്ഞ് വഹിക്കുന്ന പുതിയ തുരുത്തികൾ ആണ്**, യേശുവിന്റെ ജീവൻ വഹിക്കുന്ന ക്രിസ്തുവിന്റെ ശരീരം ആണ്. അവർ അവരുടെ ജീവിതത്തിലും, സന്ദേശത്തിലും കൂടി ദൈവഭക്തിയുടെ മർമ്മം വെളിപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ ഈ പുതിയ ഉടമ്പടിയുടെ സന്ദേശം പഴയ തുരുത്തികൾ ആകുന്ന ഒത്തു തീർപ്പ് സഭകളിൽ, വ്യക്തികളിൽ പകരാൻ ശ്രമിച്ചാൽ, **കർത്താവ് മുന്നറിയിപ്പ് തന്നത് പോലെ പോലെ തുരുത്തി പൊളിയും, വീഞ്ഞ് ഒഴുകിപ്പോകും. വസ്ത്രം കീറും, ചീന്തൽ ഏറ്റവും വലിയതാകും.**

**മുത്ത്, പന്നികൾ കാൽ കൊണ്ട് ചവിട്ടിക്കളയും, മുത്ത് വിതറിയ വ്യക്തിയെ പന്നികൾ ചീന്തിക്കളയും.**

യഥാർത്ഥത്തിൽ ഇത് കർത്താവ് മുന്നറിയിപ്പ് തന്നത് പോലെയുള്ള ഒരു പാഴ് വേലയാണ്, മാത്രമല്ല കർത്താവ് തന്റെ രക്തത്താൽ സ്ഥാപിച്ച പുതിയ ഉടമ്പടിയിൽ കൂടി വെളിവായ ഈ വിശുദ്ധ സന്ദേശം,പുതിയ വീഞ്ഞ് വഴിയിൽ ഒഴുക്കിക്കളയുവാനും, വിലയേറിയ മുത്ത് നിലത്തു ഇട്ടു ചവിട്ടുവാനും ഇടയായിത്തീരും, അതിനു ഇടവരുത്തുന്ന വ്യക്തിയും അപഹാസ്യൻ ആയിത്തീരും.

**യഥാർത്ഥത്തിലുള്ള പുതിയ ഉടമ്പടിയുടെ സന്ദേശം വഹിക്കുവാനുള്ള പുതിയ തുരുത്തികൾ ആണ് ഈ തലമുറയുടെ ഏറ്റവും വലിയ ആവശ്യകത, ഇന്ന് ഏറ്റവും ദുർലഭമായി കൊണ്ടിരിക്കുന്നതും, പുതിയ തുരുത്തിയാകുന്ന, ക്രിസ്തുവിന്റെ ശരീരമായ ദൈവസഭയെ പറ്റിയുള്ള വെളിപാടാണ്, ഉപദേശമാണ്.**

അതിനു പകരം പലരും പുതിയ വീഞ്ഞിനെ പഴയ തുരുത്തിയിൽ പകരാനുള്ള, പുതിയ തുണിയെ പഴയ വസ്ത്രത്തിൽ ചേർത്ത് തുന്നാനുള്ള പാഴ്ശ്രമത്തിലാണ്. **ഫലം; വീഞ്ഞു നിലത്തു ഒഴുകിപ്പോകുന്നു, കീറൽ ഏറ്റവും വലുതാകുന്നു, മുത്തുകൾ പന്നികൾ ചവിട്ടിക്കളയുന്നു.**

എന്നാൽ ഈ പുതിയ തുരുത്തിക്കായി നാം വില കൊടുക്കേണ്ടതുണ്ട്,

**ഒന്നാമതായി** നാം പുതിയ ഉടമ്പടിയുടെ സന്ദേശം,പുതിയ വീഞ്ഞ്, നാം നമ്മുടെ ജീവിതത്തിൽ വഹിക്കേണ്ടതുണ്ട്, സ്വന്തജീവനെ പകച്ചു, ക്രൂശു എടുത്തു കർത്താവിനെ അനുദിനം അനുഗമിക്കേണ്ടതുണ്ട്,സ്വയജീവനു മരിക്കുന്നതിലൂടെ ക്രിസ്തുവിന്റെ ജീവൻ നമ്മിലൂടെ വെളിപ്പെടേണ്ടതുണ്ട്.

**അടുത്തതായി,** പഴയ തുരുത്തിയാകുന്ന മാനുഷിക സംഘടനകളിൽ നിന്നും നാം പുറത്തു വരേണ്ടതുണ്ട്,പഴയ തുരുത്തിയാകുന്ന ബാബിലോണ്യ വ്യവസ്ഥിതിക്കെതിരെ, മാനുഷിക പാരമ്പര്യങ്ങൾക്കെതിരെ കർത്താവും, അപ്പോസ്തോലന്മാരും പോരാടിയത് പോലെ പോരാടേണ്ടതായിട്ടുണ്ട്.

ഇത്തരം മാനുഷിക സംഘടനകൾ ആകുന്ന പഴയ തുരുത്തികളെ നന്നാക്കാനോ, ഈ പഴയ തുരുത്തികളിൽ പുതിയ വീഞ്ഞ് പകരാനോ കർത്താവ് ആവശ്യപ്പെടുന്നില്ല. മറിച്ചു ഇത്തരം പഴയ തുരുത്തികളെ വിട്ടുപോരാൻ, വേർപെട്ടിരിക്കാൻ ആണ് ആവശ്യപ്പെടുന്നത്. (വെളിപ്പാട് 7:9)

**ഇത് വായിക്കുന്ന പ്രിയപ്പെട്ടവരേ, ഇത്തരം പഴയ തുരുത്തികളെ വിട്ടു പോരുക, വേർപെട്ട് ക്രിസ്തുവിന്റെ ശരീരത്തിന്റെ ദൃശ്യരൂപമായ, ക്രിസ്തു തലയായ, ക്രിസ്തുവിന്റെ ജീവൻ വെളിപ്പെടുത്തുന്ന ഒരു പ്രാദേശിക കൂട്ടമായിരിക്കുക.**

ദൈവം നിങ്ങളെ അക്കിവച്ചിരിക്കുന്നയിടത്, ദൈവസഭയുടെ, പുതിയ തുരുത്തിയുടെ പണിയുടെ ഭാഗമായിത്തീരുക.അതിലൂടെ ദൈവഭക്തിയുടെ മർമ്മത്തിന്റെ, പുതിയ ഉടമ്പടിയുടെ,പുതിയ വീഞ്ഞിന്റെ സന്ദേശം,പുതിയ തുരുത്തിയിൽ വഹിക്കുകയും,സൂക്ഷിക്കുകയും ലോകത്തെ അറിയിക്കുകയും ചെയ്യുക.

മത്തായി 9:17 പുതുവീഞ്ഞു പുതിയ തുരുത്തിയിലേ പകർന്നു വെക്കയുള്ളു. **അങ്ങനെ രണ്ടും ഭദ്രമായിരിക്കും**

**'ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ'**

ബ്രദർ ജിനു നൈനാൻ